# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2260** | **05/12/2018-ൽ മറുപടിക്ക്**

## കാലാവധി കഴിഞ്ഞ മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** കാലാവധി കഴിഞ്ഞ മരുന്നുകളിലെ പ്രസക്തമായ വിവരങ്ങൾ സമർത്ഥമായി തിരുത്തി വീണ്ടും വിപണിയിലെത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഇല്ല. |
| **ബി)** എങ്കിൽ ശാസ്ത്രീയമായി വിശകലനം ചെയ്ത് രോഗ നിവാരണത്തിന് അനിവാര്യമായ മരുന്ന് സംയുക്തങ്ങൾ മാത്രം വിപണിയിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും;വ്യക്തമാക്കാമോ; | **ബി)** നീണ്ടതും, നൂതനമായതുമായ ശാസ്ത്രീയ പഠനങ്ങൾ (structure activity, pre-clinical & clinical studies) നടത്തി, പല ഘട്ടങ്ങളിലായി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു രാസപദാർത്ഥം മരുന്നായി കേന്ദ്ര സർക്കാർ അംഗീകരിക്കുന്നത്. ഇത്തരം സംവിധാനത്തിൽ രോഗ നിവാരണത്തിന് അനിവാര്യമായ മരുന്ന സംയുക്തങ്ങൾ മാത്രമാണ് വിപണനം ചെയ്യുന്നത്. ഇതു കൂടാതെ, മരുന്നിന് അംഗീകാരം നൽകിയ ശേഷം നാല് വർഷത്തോളം ഇതിന്റെ Post Marketing Surveillence Report ഉം, അതിനുശേഷം Pharmacovigilence റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഒരു മരുന്നിന് അംഗീകാരവും, വിപണനാനുമതിയും നിലനിർത്തുന്നത്. പ്രസ്തുത റിപ്പോർട്ടുകളിൽ, ഗണ്യമായ തോതിൽ ADR (Adverse Drug Reaction), മററു ആരോഗ്യ പ്രശ്നങ്ങളോ കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന്റെ അംഗീകാരം പിൻവലിക്കാനും, അവയുടെ വിപണനം നിരോധിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| **സി)** കാലാവധി കഴിഞ്ഞ് പഴക്കം ചെന്ന മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ട ചുമതല നിർമാതാക്കളിൽ നിക്ഷിപ്തമാക്കാൻ സംസ്ഥാനത്തിന് എന്തൊക്കെ | **സി)** കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ് മെററിക്സ് ആക്ററ് ആന്റ് റൂൾസ് പ്രകാരമാണ് മരുന്നു നിർമ്മാണം സംഭരണം, വിതരണം / വിൽപ്പന എന്നിവ രാജ്യത്ത് നടത്തുന്നത്. കേന്ദ്ര സർക്കാർ |

നടപടികൾ സ്വീകരിക്കാനാകുമെന്ന് അറിയിക്കാമോ;

നിയമം ഭേദഗതി ചെയ്ത് ഉൾപ്പെടുത്തിയാൽ മാത്രമേ, സംസ്ഥാനത്തും ഇത് ബാധകമാക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാരിന് ഇതിൽ നിയമ നിർമ്മാണം നടത്താനുള്ള അധികാരമില്ല.

ഡി) രാജ്യത്ത് ഏറ്റവും കൂടുതൽ മരുന്നുകൾ ഉപയോഗിക്കുന്ന ജനവിഭാഗമെന്ന നിലയിൽ മലയാളികൾക്ക് ഇക്കാര്യത്തിലുള്ള ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാവുമെന്ന് വ്യക്തമാക്കാമോ?

ഡി) കാലാവധി കഴിഞ്ഞ മരുന്നുകൾ ഒന്നുംതന്നെ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരമായി പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ, വ്യാപാരശാലകളിൽ നിന്നും തിരിച്ചെടുക്കുന്ന കാലാവധി കഴിഞ്ഞ മരുന്നുകൾ, രോഗികൾ ഉപയോഗിച്ച ശേഷം വീടുകളിൽ ബാക്കിവരുന്ന മരുന്നുകൾ, അവയുടെ അലുമിനിയം സ്ട്രിപ്പുകൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, സിറിഞ്ചുകൾ എന്നിവ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിന് നിലവിൽ വ്യക്തമായ നടപടിക്രമങ്ങൾ ഇല്ലാത്തതിനാൽ ഇവ മണ്ണ്, ജല മലിനീകരണത്തിനും, ആന്റിബയോട്ടിക് റസിസ്റ്റൻസ് പോലുള്ള അവസ്ഥകൾക്കും കാരണമാകുന്നതായി കാണുന്നു. ഈ സാഹചര്യം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി KARSAP (Kerala Antimicrobial Resistance Strategic Action Plan) എന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ